**ഭരണഭാഷ-മാതൃഭാഷ**

**മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്**
**ഡയറക്ടറേറ്റ് (ഹെഡ് ക്വാർട്ടേഴ്സ്)**
**വഴുതയ്ക്കാട്, തിരുവനന്തപുരം - 695014**
**ഫോൺ.0471 - 2778760/1, ഇ - മെയിൽ: soildirector@gmail.com**

---

**ടെണ്ടർ നോട്ടീസ്**
**ടെണ്ടർ നമ്പർ 1/2026**

---

നമ്പർ : **SSSC/1909/2026-FIN2** തീയതി :**01-08-2026**

**2026 ഓണം ഘോഷയാത്രയിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ഫ്ലോട്ട് നിർമ്മാണത്തിനുള്ള ടെണ്ടർ**

വിനോദസഞ്ചാരവകുപ്പിന്റെ ആഭിമുഖ്യത്തിൽ **2026** ആഗസ്റ്റ് **24** മുതൽ ആഗസ്റ്റ് **30** വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ഓണം ഘോഷയാത്രയിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രസക്തിയും നേട്ടങ്ങളും വിശദീകരിക്കുന്ന **"പുതുയുഗ കേരളം - മണ്ണ് ജല സംരക്ഷണം"** എന്ന ആശയം പ്രകടിപ്പിക്കുന്ന രീതിയിൽ വകുപ്പ് നൽകുന്ന നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഒരു ഫ്ലോട്ട് ഒരു മിനി ലോറിയിൽ ഒരുക്കി പ്രദർശിപ്പിക്കുന്നതിന് പരിചയസമ്പന്നരായ കരാറുകാരിൽ നിന്നും സീൽ ചെയ്ത രണ്ട് കവർ ടെണ്ടറുകൾ (കവർ **A (Technical Bid)**,കവർ **B (Financial Bid))** മത്സരാടിസ്ഥാനത്തിൽ ക്ഷണിച്ചുകൊള്ളുന്നു. ആശയം വ്യക്തമാക്കുന്നതിന് ആവശ്യമായ രൂപങ്ങൾ, ദൃശ്യ, ശ്രവ്യ ദീപവിതാനങ്ങൾ,ഫയർ എക്സ്റ്റിംഗ്വ്യൂഷർ എന്നിവ ഫ്ലോട്ടിൽ ഒരുക്കിയിരിക്കണം.ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടായിരിക്കണം ഫ്ലോട്ട് നിർമ്മിക്കേണ്ടത്.ഫ്ലോട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് എല്ലാ മാലിന്യങ്ങളും കരാറുകാരൻ നീക്കം ചെയ്യേണ്ടതാണ്. ഫ്ലോട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട ഔദ്യോഗിക നിബന്ധനകൾ ഉള്ളടക്കം ചെയ്യുന്നു. **2026** ആഗസ്റ്റ് **29** ഉച്ചയ്ക്ക് **2** മണിക്ക് മുൻപായി ഫ്ലോട്ട് നിർമ്മാണം പൂർത്തിയാക്കി നൽകുമെന്ന് സത്യവാങ്മൂലം, പ്രാഥമിക സമ്മതപത്രം എന്നിവ സഹിതം ടെണ്ടർ താഴെ ചേർത്തിരിക്കുന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകളുടെ പുറത്ത് **"ഓണം ഘോഷയാത്ര 2026 - മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ഫ്ലോട്ട്"** എന്ന് രേഖപ്പെടുത്തിയിരിക്കണം. താമസിച്ച് ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടർ തുറക്കുന്ന ദിവസം ഹാജരാകുന്ന കരാറുകാരുടെ സാന്നിധ്യത്തിൽ, ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കരാറുകാരനുമായി നെഗോസ്യേഷൻ നടത്തി ടെണ്ടർ ഉറപ്പിക്കുന്നതാണ്.ടെണ്ടർ

സമർപ്പിക്കുന്ന കരാറുകാരന് **GST** രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. ടെണ്ടർ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുള്ള പൂർണ്ണ അധികാരം മണ്ണ് പര്യവേക്ഷണ ഡയറക്ടറിൽ നിക്ഷിപ്തം ആയിരിക്കും. ടെണ്ടർ ഫോം സംബന്ധിച്ചും, കൂടുതൽ വിവരങ്ങൾക്കും പ്രവൃത്തി ദിവസങ്ങളിൽ **10.15 AM** മുതൽ **5.15 PM** വരെ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റിൽ നേരിട്ടോ , ജൂനിയർ സൂപ്രണ്ട് ശ്രീ വിനോദ് കുമാർ എ.കെയുടെ നമ്പറിലോ **(Ph: 9400156127)** ബന്ധപ്പെടാവുന്നതാണ്.

| | | |
|---|---|---|
| **1** | ടെണ്ടർ സ്വീകരിക്കുന്ന അവസാന ദിവസം, സമയം | **10/08/2026 1 pm** |
| **2** | കവർ **A (Technical Bid)**തുറക്കുന്ന ദിവസം, സമയം | **10/08/2026 2.30 pm** |
| **3** | കവർ **B (Financial Bid)**തുറക്കുന്ന ദിവസം, സമയം | **10/08/2026 3.00 PM** |
| **4** | അടങ്കൽ തുക | **400000/-** (എല്ലാ നികുതികളും ഉൾപ്പെടെ) |
| **5** | ഇ എം ഡി തുക | **4000/-** |
| **6** | ടെണ്ടർ സമർപ്പിക്കേണ്ട വിലാസം | മണ്ണ് പര്യവേക്ഷണ അഡീഷണൽ ഡയറക്ടർ,<br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്<br>ഡയറക്ടറേറ്റ് (ഹെഡ് ക്വാർട്ടേഴ്സ്) വഴുതക്കാട്,<br>തിരുവനന്തപുരം **-14**<br>ഫോൺ:- **04712778760/1**<br>ഇമെയിൽ: **soildirector@gmail.com** |

Digitally signed by
Saju K. Surendran
Date: 01-08-2026
13:03:00

**Saju K Surendran**

**DIRECTOR**

കേരള സർക്കാർ

Onam CELEBRATIONS Aug 24 - 30, 2026

kerala God's Own Country

## ഓണാഘോഷം 2026 - ഘോഷയാത്ര

### നിർദ്ദേശങ്ങളും നിബന്ധനകളും

- കമ്മറ്റി നിർദ്ദേശിക്കുന്ന വിഷയങ്ങളെ ആസ്പദമാക്കി ചലനാത്മകമോ, നിശ്ചലമോ ആയ ദൃശ്യങ്ങൾ ഫ്ലോട്ടിൽ അവതരിപ്പിക്കുക.
- ആശയങ്ങൾ ഒറ്റനോട്ടത്തിൽത്തന്നെ കാണികളിലേക്ക് സംവേദനം ചെയ്യപ്പെടുന്നു എന്ന് ഉറപ്പാക്കും വിധം ഫ്ലോട്ടുകൾ തയ്യാറാക്കുക.
- വിവാദ വിഷയങ്ങളും ജനമനസ്സുകളിൽ ഏതെങ്കിലും തരത്തിലുള്ള വിഭാഗീയത സൃഷ്ടിക്കുന്നവയും ഫ്ലോട്ടിന്റെ ആഖ്യാനത്തിൽ ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.
- ഫ്ലോട്ടിന്റെ **നീളം 20 അടി, വീതി 10 അടി, റോഡിൽ നിന്നുള്ള ഉയരം 16 അടി,** എന്ന ക്രമത്തിൽ കവിയരുത്
- അപകടകരമായ വസ്തുക്കൾ, സ്ഫോടകവസ്തുക്കൾ എന്നിവ ഫ്ലോട്ടുകളിൽ ഉപയോഗിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്. കൂടാതെ, എല്ലാ ഫ്ലോട്ടുകളിലും **Fire Extinguisher** ഉറപ്പുവരുത്തേണ്ടതാണ്.
- **ഗ്രീൻ പ്രോട്ടോക്കോൾ** പാലിച്ചുകൊണ്ടായിരിക്കണം ഫ്ലോട്ടുകൾ നിർമ്മിക്കേണ്ടത്.
- സർക്കാർ നിബന്ധനകളുടെയും നിയമങ്ങളുടെയും നയങ്ങളുടെയും ലംഘനം കണ്ടെത്തിയാൽ ഘോഷയാത്രയുടെ ഏതുഘട്ടത്തിലും അവതരണത്തിൽ നിന്നും ഫ്ലോട്ടുകളെ പിൻവലിക്കുവാൻ ഘോഷയാത്ര കമ്മിറ്റിയ്ക്ക് അധികാരമുണ്ടായിരിക്കും.
- ഫ്ലോട്ടുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ മാലിന്യങ്ങളും അതാത് വകുപ്പുകൾ നീക്കം ചെയ്തു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- ഘോഷയാത്ര അവസാനിച്ചതിനുശേഷം ഫ്ലോട്ടുകളുടെ ഭാഗങ്ങൾ റോഡിൽ ഉപേക്ഷിക്കുവാൻ പാടുള്ളതല്ല.
- ഫ്ലോട്ടിനെ അനുഗമിക്കുന്ന ആളുകളുടെ എണ്ണം പരമാവധി 5 പേർ മാത്രമായിരിക്കണം. അവരുടെ പേരുവിവരങ്ങൾ (ഫോൺ നമ്പർ ഉൾപ്പെടെ) ഘോഷയാത്ര കമ്മറ്റിക്ക് നൽകേണ്ടതാണ്.
- 18 വയസ്സിന് താഴെയുള്ള കുട്ടികളെ ഘോഷയാത്രയിൽ പങ്കെടുപ്പിക്കരുത്.

(മറുപുറം)

Department of Tourism
Park View, Thiruvananthapuram, 695 033, Kerala, India.
Phone: +91 471 2560426 | Email: mktg.tourism@kerala.gov.in | ddmktg.tourism@kerala.gov.in

- ഘോഷയാത്ര ആഗസ്റ്റ് 30 ന് വൈകുന്നേരം 5.00 മണിക്ക് ഫ്ലാഗ് ഓഫ് ചെയ്യുന്നതായിരിക്കും. ഫ്ളോട്ടുകളും കലാരൂപങ്ങളും ഉച്ചയ്ക്ക് 1.30 ന് അതാത് വകുപ്പുകൾക്ക് അനുവദിച്ച സ്ഥലത്ത് സമയ ക്ലിപ്തതയോടെ എത്തിച്ചേർന്നിട്ടുണ്ടെന്ന് ബന്ധപ്പെട്ട മേലധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.
- ഫ്ലോട്ടിന്റെ ഇടത് വശത്തായി രണ്ടു സ്ഥലങ്ങളിൽ ജഡ്ജസിനു കാണത്തക്ക വിധത്തിൽ അവരവർക്കനുവദിച്ചിട്ടുള്ള നമ്പർ പ്രദർശിപ്പിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഫോൺനമ്പറുകളിൽ ബന്ധപ്പെടുക.

| | |
|---|---|
| Office Number | : 0471 2560426 |
| Sri. Arun Kumar K. | : 9495657652 |
| Sri. Reji V.L. | : 9995292907 |
| E-mail | : onampageantry@keralatourism.org |

ശ്രീ. എൻ. ശക്തൻ എം.എൽ.എ.
ചെയർമാൻ
ഓണം ഘോഷയാത്ര കമ്മറ്റി

ശ്രീ. ഹർഷിൽ ആർ. മീണ IAS
കൺവീനർ
ഓണം ഘോഷയാത്ര കമ്മറ്റി